**File No.LSGD-FM2/80/2020-LSGD**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1318/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 02/07/2020**

---

പരാമർശം:-1. ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച 15/04/2020 ലെ 5554/ഡി പി 4/2020/സി ആർ ഡി (എ) നമ്പർ കത്ത്

2.നഗരകാര്യ ഡയറക്ടർ സമർപ്പിച്ച 20/04/2020 ലെ DC3-6269/2020 നമ്പർ കത്ത്

3.പഞ്ചായത്ത് ഡയറക്ടർസമർപ്പിച്ച 20/04/2020 ലെ PAN/6050/2020-G1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബ്ലോക്ക്പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നോ തുക സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ഗ്രാമ വികസന കമ്മീഷനർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

കോവിഡ് 19 വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധികളെ മറികടക്കുന്നതിനായി സംസ്ഥാനത്തെ നഗരസഭകൾ ദൈനംദിന പ്രവർത്തനങ്ങൾക്കും, മറ്റ് വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക നീക്കിരിപ്പുണ്ട് എന്ന് ഉറപ്പാക്കി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ സംഭാവന നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തുകളുടെ തനത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാവുന്നതാണെന്ന വിവരം ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും, തദ്ദേശ സ്ഥാപനത്തിന്റെ മറ്റ് ആവശ്യങ്ങൾക്കും ആവശ്യത്തിന് ഫണ്ട് ലഭ്യമാണെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by S BINDU
Date: 2020.0[illegible]2 16:00:37 IST
Reason: Approved

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്